സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിലേയ്ക്ക് നോട്ടിഫൈ ചെയ്ത എല്ലാ വായ്പാ സഹകരണ സംഘങ്ങളും നിക്ഷേപ സുരക്ഷാ പദ്ധതിയിൽ ചേർന്ന് നിശ്ചിത വിഹിതം അടയ്ക്കേണ്ടതാണെന്ന് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിൽ ചേരാത്ത സംഘങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

സഹകരണ ബാങ്കുകൾ വഴി ലഭ്യമാകുന്ന കാർഷിക വായ്പ

84 (3238) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സഹകരണ ബാങ്കുകൾ വഴി ലഭ്യമാകുന്ന കാർഷിക വായ്പകൾ ഏതെല്ലാം; ഇതിന്റെ മാനദണ്ഡങ്ങൾ എന്ത്; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് 2012-13, 2013-14, 2014-15 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ ഇപ്രകാരം അനുവദിച്ച കാർഷിക വായ്പ വർഷം തിരിച്ചും സ്ഥാപനം തിരിച്ചും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ / ബാങ്കുകൾ, ഹാർവേസ്റ്റ് സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ വഴി ഹ്രസ്വകാല/മധ്യകാല കാർഷിക വായ്പകൾ വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ വഴി ദീർഘകാല കാർഷിക വായ്പകളും വിതരണം ചെയ്തുവരുന്നു. ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായാണ് സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന നെൽകൃഷിക്കും പച്ചക്കറിക്കും ഉൾപ്പെടെയുള്ള കാർഷിക വിള വായ്പകൾ വിതരണം ചെയ്തുവരുന്നത്. ഓരോ വർഷവും ജില്ലയിലെ കാർഷിക വായ്പാ വിതരണത്തിനുള്ള സ്കെയിൽ ഓഫ് ഫിനാൻസ് കാലാനുസൃതമായി പരിഷ്കരിക്കാറുണ്ട്. നബാർഡ് റീഫൈനാൻസ് ലഭ്യമാക്കുന്ന ഒരുവർഷ കാലാവധിയുള്ള ഹ്രസ്വകാല കാർഷിക വിള വായ്പകളുടെ പരിധി സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി 10 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ നെൽകൃഷിക്ക് പരിധിയില്ലാതെ പലിശരഹിത വായ്പയും നൽകി വരുന്നു. അപേക്ഷകന് കാർഷികാവശ്യത്തിനാണ് വായ്പയെന്നും, ടിയാന് കൃഷി ചെയ്യുന്നതിനുള്ള ഭൂമി കൈവശത്തിലുണ്ടെന്നും ബോധ്യപ്പെട്ട് കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളയ്ക്ക് അനുവദനീയമായ തുകയാണ് നൽകിവരുന്നത്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly